"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യസുരക്ഷാ മിഷൻ — സ്റ്റേറ്റ് ഇൻഷ്യറ്റേവീസ് ഓൺ ഡിസബിലിറ്റീസ്- ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികൾക്കായുള്ള പുരധിവാസ പദ്ധതി പ്രവർത്തനങ്ങൾക്കായി ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.170/2026/SJD തീയതി,തിരുവനന്തപുരം, 13-08-2026

---

പരാമർശം:-
1. കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.26, 13.07.26 എന്നീ തീയതികളിലെ പ്രൊപ്പോസലുകൾ
2. 17.07.2026 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ പ്രത്യേക പരിചരണവും പെരുമാറ്റ- വിദ്യാഭ്യാസ തെറാപ്പികളും നൽകി അവരുടെ സമഗ്ര പുരോഗതിയും പുനരധിവാസവും ഉറപ്പാക്കുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന് കീഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികൾക്കായുള്ള പുരനധിവാസ പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-101-69(7)(പി) ശീർഷകത്തിൽ 3,75,00,000/- (മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പുരനധിവാസ പദ്ധതികൾക്ക് കീഴിലുള്ള രണ്ട് പദ്ധതികൾ തുടരുന്നതിനായി ₹2,76,82,670/- (രണ്ട് കോടി എഴുപത്തിയാറ് ലക്ഷത്തി എൺപത്തിരണ്ടായിരത്തി അറുന്നൂറ്റി എഴുപത് രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. പരാമർശം (2) പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇനം 5-6 ആയി പ്രസ്തുത പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ രണ്ട് പ്രൊപ്പോസലുകളുടേയും അതിനായി വരുന്ന ചെലവുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Name of project | Project cost |
|---|---|---|
| 1 | Proposal for Continuing the activities of Regional Autism Rehabilitation & | 40,75,120 |

| | | |
|---|---|---|
| | Research Centre (RARRC) at NIPMR, Thrissur (HR component) | |
| 2 | Proposal for continuing the activities of Autism Centres in Govt. Medical Colleges - Thiruvananthapuram, Alappuzha, Kottayam, Thrissur, Kozhikode, Manjeri, Pariyaram and IMHANS Kozhikode (Human Resource component and Operational expenses) | 2,36,07,550 |
| | **Total** | **₹2,76,82,670** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികൾക്കായുള്ള പുനരധിവാസ പദ്ധതികൾ തുടരുന്നതിനായി 2026-27 സാമ്പത്തിക വർഷം ***2235-02-101-69(07)(പി) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ₹2,76,82,670/- (രണ്ട് കോടി എഴുപത്തിയാറ് ലക്ഷത്തി എൺപത്തിരണ്ടായിരത്തി അറുനൂറ്റി എഴുപത് രൂപ മാത്രം),*** **പദ്ധതിയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുസംബന്ധിച്ച് നിലവിലുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾക്ക് വിധേയമായിരിക്കണമെന്ന വ്യവസ്ഥയിൽ,** ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ / സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം,
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
SHABEEN S
Date: 13-08-2026
11:38:36

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്